## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ- 2576 09/05/2017-ൽ മറുപടിക്ക്

### പി.എം.കെ.എസ്.വൈ പദ്ധതി

**ചോദ്യം**

ശ്രീ അൻവർ സാദത്ത്
ശ്രീ ഐ.സി.ബാലകൃഷ്ണൻ
ശ്രീ കെ.എസ്.ശബരീനാഥൻ
ശ്രീ കെ.സി.ജോസഫ്

**ഉത്തരം**

ശ്രീ. വി.എസ് .സുനിൽ കുമാർ
(ബഹു. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് മന്ത്രി)

| | | |
|---|---|---|
| പ്രധാനമന്ത്രി കൃഷി സിഞ്ചായീ യോജന ( പി.എം.കെ.എസ്.വൈ) വഴിയുള്ള പദ്ധതികളിൽ കേന്ദ്ര സഹായം എത്രയാണ്; | (എ) | പി.എം.കെ.എസ്.വൈ വഴിയുള്ള പദ്ധതികളിൽ കേന്ദ്രം സംസ്ഥാനത്തിന് പദ്ധതി നിർവഹണത്തിനായി അനുവദിക്കുന്ന വിഹിതത്തിന്റെ 60% കേന്ദ്ര വിഹിതമായി നൽകുന്നു. എന്നാൽ സംസ്ഥാന-ജില്ലാതല ഇറിഗേഷൻ പ്ലാനുകൾ തയ്യാറാക്കുന്നതിന് 100% കേന്ദ്ര വിഹിതം നൽകുന്നുണ്ട് . ജില്ലാ ഇറിഗേഷൻ പ്ലാൻ തയ്യാറാക്കുന്നതിനായി 140 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട് . |
| ഈ പദ്ധതിയിൻകീഴിൽ ഉൾപ്പെടുത്തുവാൻ സംസ്ഥാന സർക്കാർ ഏതെങ്കിലും പദ്ധതികൾ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | (ബി) | ഈ പദ്ധതിയുടെ വിവിധ ഘട്ടങ്ങളിൽ ഉൾപ്പെടുത്തേണ്ട പ്രവർത്തികൾ/പദ്ധതികൾ ഉൾപ്പെടെ ജില്ലാതല ഇറിഗേഷൻ പ്ലാനുകളും ആയവ ക്രോഡീകരിച്ച് തയ്യാറാക്കുന്ന സംസ്ഥാനതല പ്ലാനും തയ്യാറാക്കി വരുന്നു. ഇതിനായി സംസ്ഥാന തലത്തിൽ മന്ത്രിമാർ പങ്കെടുത്ത രണ്ട് വർക്ക്ഷോപ്പുകളും ഒരു വീഡിയോ കോൺഫറൻസും നടത്തുകയുണ്ടായി. ഇതിന്റെ പ്രവർത്തനം അന്തിമ ഘട്ടത്തിലാണ് . |
| പദ്ധതികളൊന്നും സമർപ്പിച്ചിട്ടില്ലായെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ? | (സി) | വിവിധ പദ്ധതി ഘടകങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ജില്ലാതല/സംസ്ഥാനതല ഇറിഗേഷൻ പ്ലാനുകളുടെ പൂർത്തീകരണം അന്തിമ ഘട്ടത്തിലാണ് . |

സെക്ഷൻ ഓഫീസർ